പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1306

20.01.2014 ലെ മറുപടിയ്ക്ക്

## പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ ഹൈസ്കൂളിന് കെട്ടിടം

—

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.പി.മുഹമ്മദ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ ഫയലിന്മേലുള്ള നടപടി താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | വിളയൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ വികസനാർത്ഥം ആരോഗ്യ വകുപ്പിന്റെ കൈവശത്തിലുള്ള ബ്ലോക്ക് 22 റീ സർവ്വേ 230/4 ൽപ്പെട്ട ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് ഭൂമി നൽകേണ്ട വകുപ്പിന്റെ സമ്മതപത്രവും ഭൂമി കൈമാറ്റം ചെയ്ത് കൊണ്ടുള്ള സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി രേഖകൾ ഉടൻ ഹാജരാക്കുന്നതിനായി ഒറ്റപ്പാലം സബ് കളക്ടറുടെ കാര്യാലയത്തിൽ നിന്നും 4.12.2013 ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിലാണ് ഈ വിഷയം സംബന്ധിച്ച റവന്യൂ വകുപ്പിലെ ഫയലിൽ താമസം നേരിടുന്നത്. പ്രസ്തുത രേഖകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ